# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **1838**

**01.02.2018** ൽ മറുപടിക്ക്

### അകാരണമായി പെൻഷൻ ആനുകൂല്യങ്ങൾ വൈകിച്ചതിനെതിരെ നടപടി

**ചോദ്യം:**

**ശ്രീ. എ.എം.ആരിഫ്**

**(എ)** ഐ.പി.എസ്. സർവ്വീസിൽ നിന്നും 31.08.2011 ൽ വിരമിച്ച ശ്രീ.എസ്.രാധാകൃഷ്ണൻ നായരുടെ കേന്ദ്രനിരക്കിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ നൽകാതിരുന്നതിനുള്ള കാരണം എന്താണ്;

**(ബി)** ഇത് സംബന്ധിച്ച് പൊതുഭരണ വകുപ്പിലുള്ള 23584/സ്പെഷ്യൽ3/2011/ജിഎഡി എന്ന ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ) & (ബി)** ശ്രീ.എസ്.രാധാകൃഷ്ണൻ നായർ സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും പോലീസ് സൂപ്രണ്ട് തസ്തികയിൽ സേവനം അനുഷ്ഠിക്കവേ 31.08.2006 ൽ വിരമിച്ചു. 2006 ലെ കേരള കേഡർ ഐ.പി.എസിലേക്കുള്ള പ്രമോഷനു വേണ്ടി സംസ്ഥാന പോലീസ് സർവ്വീസിലെ ഓഫീസർമാരെ പരിഗണിക്കുന്നതിനായിട്ടുള്ള സെലക്ഷൻ പ്രക്രിയയിൽ ടിയാന്റെ പേര് 01/01/2006 ൽ 54 വയസ്സ് പൂർത്തിയായി എന്ന കാരണത്താൽ ഉൾപ്പെടുത്താത്തതിനെതിരെ ടിയാൻ ബഹു. സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.നം.125/2010 ഫയൽ ചെയ്യുകയുണ്ടായി. ബഹു. ട്രൈബ്യൂണൽ 18.10.2011 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഒരു റിവ്യൂ ഡി.പി.സി. ചേർന്ന് 01.01.2005 മുതൽ 31.12.2005 വരെയുള്ള കാലയളവിലുണ്ടായ ഐ.പി.എസ്. ഒഴിവുകളിലേയ്ക്ക് ശ്രീ.എസ്.രാധാകൃഷ്ണൻ നായരെ പരിഗണിക്കുന്നതിനും അപ്രകാരം പരിഗണിക്കുന്ന പക്ഷം റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് മാത്രമായി കണക്കാക്കപ്പെടുന്നതിനായി നോഷണലായി പ്രമോഷനും ശമ്പളനിർണ്ണയവും നടത്തുവാനും ഉത്തരവായി. അതിൻപ്രകാരം 28.12.2015 ൽ റിവ്യൂ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് ചേർന്ന് ശ്രീ.എസ്.രാധാകൃഷ്ണൻ നായരെ സംസ്ഥാന പോലീസ് സർവീസിൽ നിന്നും കേരള കേഡറിലെ ഐ.പി.എസ്. പ്രമോഷനായുള്ള 2006 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ

ശിപാർശ ചെയ്യുകയും UPSC അത് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 17/02/2016 ലെ I-14013/63/2010-IPS.I നമ്പർ പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് ടിയാന് 07/11/2007 മുതൽ നോഷണൽ പ്രൊമോഷൻ നൽകാനാണ് ഉത്തരവായത്. തുടർന്ന് 15.03.2016 തീയതിയിലെ 23584/സ്പെ.സി.3/2011/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം ശ്രീ. എസ്. രാധാകൃഷ്ണൻ നായർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേയ്ക്ക് മാത്രമായി 07/11/2007 മുതൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ശമ്പള നിർണ്ണയം നടത്താൻ അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം സംസ്ഥാന പോലീസ് മേധാവിയെയും അറിയിക്കുകയും ആയതിൻ പ്രകാരം 23584/സ്പെഷ്യൽ സി3/11/പൊ.ഭ.വ. ഫയൽ തീർപ്പാക്കുകയും ചെയ്തു.

**(സി)** ഇതു സംബന്ധിച്ച് ധനകാര്യവകുപ്പിൽ നിന്ന് 1582455/പെൻഷൻ എ 2/2017/ധന എന്ന നമ്പരിൽ 4/7/2017, 23/9/2017, 28/10/2017 എന്നീ തീയതികളിൽ അയച്ചതും പൊതുഭരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതുമായ കത്തിന് ഇതുവരെയും മറുപടി നൽകാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കാമോ;

**(ഡി)** പ്രസ്തുത ഉദ്യോഗസ്ഥന് കേന്ദ്രനിരക്കിലുള്ള പെൻഷൻ നൽകുന്നതിന് എന്തെങ്കിലും ഔദ്യോഗിക തടസ്സം ഉണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ;

**(ഇ)** അകാരണമായി പെൻഷൻ വൈകിപ്പിച്ചതിന് ഉത്തരവാദികളായവരെക്കുറിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുമോ?

**(സി), (ഡി) & (ഇ)** ശ്രീ. എസ്. രാധാകൃഷ്ണൻ നായരുടെ പെൻഷൻ നിർണ്ണയിച്ച് 16.12.2016 ലെ പി.ആർ.2101662777/PM/1/1016303022 നമ്പർ കത്ത് പ്രകാരം അക്കൗണ്ടന്റ് ജനറൽ ധനകാര്യവകുപ്പിന് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകിയതിനെ തുടർന്ന് 04.07.2017 ലെ 1582455/പെൻ.എ 2/2017/ധന കത്ത് പ്രകാരം ഭരണവകുപ്പിൽ നിന്നും 'സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം' (RRA) ടി വകുപ്പ് ആവശ്യപ്പെട്ടിരുന്നു. 'സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം' (RRA) നൽകുന്നതിന് മുമ്പായി ചട്ടപ്രകാരമുള്ള നടപടിക്രമത്തിന്റെ ഭാഗമായി ടിയാനെതിരെ വിജിലൻസ് കേസ്/ അന്വേഷണം/ അച്ചടക്ക നടപടി/ ക്രിമിനൽ/ ജുഡീഷ്യൽ നടപടി/ എന്തെങ്കിലും ബാധ്യതകൾ നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാൻ യഥാക്രമം വിജിലൻസ് ഡയറക്ടർ/സംസ്ഥാന പോലീസ് മേധാവി എന്നിവരോട് 09.10.2017 തീയതിയിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

24.10.2017-ലെ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ, ശ്രീ. എസ്. രാധാകൃഷ്ണൻ നായർക്കെതിരെ വിജിലൻസ് കേസോ അന്വേഷണമോ നിലവിലില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്. 24.01.2018 ലെ കത്ത് പ്രകാരം ടിയാനെതിരെ അച്ചടക്കനടപടി/ ജുഡീഷ്യൽ/ ക്രിമിനൽ നടപടിക്രമങ്ങൾ ഒന്നുംതന്നെ നിലവിലില്ലെന്ന് സംസ്ഥാന പോലീസ് മേധാവിയും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.രാധാകൃഷ്ണൻ നായർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള 'സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം' (RRA) ധനകാര്യ വകുപ്പിന് നൽകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയെ തുടർന്ന് റിവ്യൂ സെലക്ഷൻ കമ്മിറ്റി കൂടുന്നതിലേക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതിനാലും ഇക്കാര്യത്തിൽ അനിവാര്യമായ സൂക്ഷ്മ പരിശോധനകൾ നടത്തേണ്ടതിനാലും റിവ്യൂ സെലക്ഷൻ കമ്മിറ്റി ശിപാർശ പരിഗണിച്ചുകൊണ്ടുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള/ പെൻഷൻ നിർണ്ണയിക്കേണ്ടതിനാലും ഉണ്ടായ നടപടിക്രമങ്ങൾ മൂലമാണ് ശ്രീ.എസ്. രാധാകൃഷ്ണൻ നായരുടെ പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ തീർപ്പുകൽപ്പിക്കുവാൻ കാലതാമസമുണ്ടായത്. ഇക്കാര്യത്തിൽ മന:പൂർവ്വമായ വീഴ്ച ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ